പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5656

29-07-2015 – ൽ മറുപടിയ്ക്ക്

## കടാശ്വാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ശശി : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | മത്സ്യതൊഴിലാളികൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും 31.12.2007 വരെ എടുത്ത വായ്പ ബാധ്യതകൾ എഴുതിതള്ളാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാം; | എ) | ഉണ്ട്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലും, ചട്ടത്തിലും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും പരാമർശിച്ചിട്ടുള്ള ഉത്തമർണ്ണ സ്ഥാപനങ്ങളിൽ നിന്നും, മത്സ്യത്തൊഴിലാളികൾ 31-12-2007 വരെ, മത്സ്യത്തൊഴിലാളി കടാശ്വാസ നിയമങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള ഉദ്ദേശത്തിനായി എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകി വരുന്നത്. വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷൻ വഴി കടം എഴുതിതള്ളുന്നതിനുള്ള തീയതി നീട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ 2007 ൽ നിന്നും നീട്ടാൻ നടപടി സ്വീകരിക്കുമോ? | ബി) | ഇല്ല. തീയതി നീട്ടുന്ന കാര്യം പരിഗണനയിലില്ല. |

Jayasree

സെക്ഷൻ ഓഫീസർ

അനുബന്ധം-1

1. മത്സ്യത്തൊഴിലാളികൾ 30.06.2013 വരെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളാണ് മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി പരിഗണിക്കുന്നത്.
2. മത്സ്യത്തൊഴിലാളികൾ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി), ദേശീയ സഹകരണ വികസന കോർപ്പറേഷൻ ലിമിറ്റഡ്, 1969-ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ തനത് ഫണ്ട്, ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഹഡ്കോ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ തുടങ്ങിയ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലും, ചട്ടത്തിലും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും പരാമർശിച്ചിട്ടുള്ള ഉത്തമർണ്ണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ മാത്രമേ കടാശ്വാസത്തിനായി പരിഗണിക്കൂ.
3. വായ്പ 31.12.2007-നോ അതിന് മുൻപോ എടുത്തിട്ടുള്ളതായിരിക്കണം.
4. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺ മക്കളുടെ വിവാഹം തുടങ്ങി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലും ചട്ടത്തിലും പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കായിരിക്കണം വായ്പ എടുത്തിട്ടുള്ളത്.
5. വാർഷിക കുടുംബ വരുമാന പരിധി 2 ലക്ഷത്തിലും, വ്യക്തിഗത വാർഷികവരുമാന പരിധി 60,000/ രൂപയിലും അധീകരിക്കാൻ പാടില്ല.
6. കടാശ്വാസ തുക ഓരോ കുടുംബത്തിനും മുതലിനത്തിൽ പരമാവധി 75,000/- രൂപയും പലിശയുടെ 25%- ആയും നിജപ്പെടുത്തിയിരിക്കുന്നു.

7. 1969-ലെ സഹകരണ സംഘം നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് കടാശ്വാസ പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട പൊതു നിബന്ധനകൾ 06-12-10 ലെ സ.ഉ.(പി) നം.91/2010/മതുവ. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 5-ൽ പരാമർശിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്നു.

1) അനുവദിക്കപ്പെടുന്ന കടാശ്വാസാനുകൂല്യം ഓരോ വായ്പക്കാരനും കൃത്യമായി കിട്ടുന്നുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പുവരുത്തുന്നതാണ്.

2) മുതലും പലിശയുമായി അനുവദിക്കുന്ന തുക മുഴുവൻ, ബാക്കി നിൽപ്പ് ലിസ്റ്റുസഹിതം സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ ചേർക്കേണ്ടതാണ്. ആവശ്യമായ സൂക്ഷ്മ പരിശോധന നടത്തി സഹകരണ സംഘം രജിസ്ട്രാർ ബാങ്കുകൾക്ക് തുക നൽകുന്നതാണ്. കള്ളക്കണക്കുകൾ ഇല്ലാതെ നോക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പുവരുത്തും. തുക കുറവു വന്നാൽ അതുകൂടി നൽകുന്നതാണ്. തുക അധികം വന്നാൽ രജിസ്ട്രാർ അത് അക്കൗണ്ടിൽ സൂക്ഷിച്ച് റിപ്പോർട്ട് ചെയ്യും. ഇക്കാര്യം ജില്ലാടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ, ഫിഷറീസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നു.